# വാനിലുയരുമ്പോൾ...



Little kites 2018-19

# **സമർപ്പണം..**

സ്ക്രൂൾ ജീവിതത്തിന്റെ മാധുര്യം നുണഞ്ഞ്
തീരുംമുന്പേ വിവാഹംകഴിച്ചയച്ച
പെൺകുട്ടികൾക്ക്...



കുട്ടികളെ ഐ.ടി മേഖലയിലേക്ക് കൈ പിടിച്ച് കയറ്റാൻ ഈ മാഗസിൻ വഴി സാധിക്കട്ടെ എന്ന് ഹൃദ്യമായി ആശംസിക്കുന്നു.

Deputy Director of Education
Malappuram



ലിറ്റിൽ കൈറ്റ്സിന്റെ സർഗാത്മകസൃഷ്ടികൾ ഉൾപ്പെടുത്തിക്കൊണ്ട് മലപ്പുറം ഗവ: ഗേൾസ് ഹയർസെക്കൻഡറി സ്ക്കൂളിലെവിദ്യാർത്ഥികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ സാങ്കേതിക തികവോടെ പരിപൂർണ്ണതയിലെത്തട്ടെ എന്നാശംസിക്കുന്നു.


**ശശിപ്രഭ.കെ**
**ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മലപ്പുറം**



സ്ക്രൂളുകളിൽ ഐ.ടി ക്ലബ്ബുകൾ മുഖേന നടക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ കുട്ടികളിൽ സർഗാത്മകശേഷിയും കമ്പ്യൂട്ടർ നൈപുണ്യവും ഒരേ സമയം സ്വായത്തമാക്കാൻ ഉപകരിക്കുന്നതുകൊണ്ടുതന്നെ ഈ പ്രവൃത്തി വളരെയധികം ശ്ലാഘനീയമാണ്.

എല്ലാ ഭാവുകങ്ങളും നേർന്നുകൊണ്ട്,

**മനോജ് കുമാർ**
Principal





2018-19 അദ്ധ്യയന വർഷത്തിൽ സ്ക്രൂളിൽനിന്നും ലിറ്റിൽ കൈറ്റ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന 'വാനിലുയരുമ്പോൾ' എന്ന ഡിജിറ്റൽ മാഗസിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാ ക്ലബ്ബ് അംഗങ്ങൾക്കും അദ്ധ്യാപകർക്കും എന്റെ ഹൃദ്യമായ ആശംസകൾ.



**അബ്ദുസലാം**
Head Master



സ്ക്കൂളുകളിൽ ഐ.ടി ക്ലബ്ബുകൾ വികസിച്ചുവരികയാണ്. ഈ സന്ദർഭത്തിൽ കുട്ടികളിലെ ഐ.ടി അറിവ് വികസിപ്പിക്കാൻ ഇത്തരം ക്ലബ്ബുകൾക്ക് സാധിക്കുന്നു എന്നതിന് ഏറ്റവും നല്ല ഉദാഹരണമാണ് ഈ മാഗസിൻ. 'വാനിലുയരുമ്പോൾ' എന്ന ഈ മാഗസിൻ എല്ലാവിധ ഭാവുകങ്ങളും നേരുന്നു

**ഇന്ദിര എം.സി**

Deputy H.M




ലിറ്റിൽ കൈറ്റിന്റെ നേതൃത്വത്തിൽ നിർമിക്കുന്ന വാനിലേക്കുയരുമ്പോ

ൾ എന്ന മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു


**അബ്ദുൾ റഷീദ്.ടി.കെ**

**ജില്ലാ ഐ.ടി Co ordinator**

KITE Malappuram



മലപ്പുറം ഗവൺമെൻറ് ഗേൾസ് ഹൈസ്ക്കൂൾ  'ലിറ്റിൽ കൈറ്റ്സ്" ക്ലബ്ബ് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. ഡിജിറ്റൽ  യുഗത്തിന്റെ നേർകാഴ്ച്ചകൾ അവതരിപ്പിക്കാനും ഭാവിയുടെ പ്രശ്നങ്ങൾ മനസ്സിലാക്കി തയ്യാറെടുപ്പുകൾ നടത്താനും  കുട്ടികളെ പ്രചോദിപ്പിക്കുന്നതാവട്ടെ 'ലിറ്റിൽ കൈറ്റ്സ്ന്റെ'  സംരംഭങ്ങൾ എന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു.



**ഉസ്മാൻ.കെ**

**മാസ്റ്റർ ട്രൈനർ കോ-ഓർഡിനേറ്റർ**
**കൈറ്റ്, മലപ്പുറം**



മലപ്പുറം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂനിറ്റ് ഒരു ഡിജിറ്റൽ മാഗസിൻ തയാറാക്കുന്ന വിവരം അറിഞ്ഞു. വളരെ സന്തോഷം തോന്നുന്നു. കാലത്തിനൊപ്പം മാറി വരുന്ന സാങ്കേതികതകളുടെ ഗുണവശങ്ങൾക്കൊപ്പം നിൽക്കാതെ ഒരു നാടിനും പുരോഗതി കൈവരിക്കാൻ സാധ്യമല്ലെന്നാണ് ഞാൻ വിലയിരുത്തുന്നത്. രാജ്യത്തിന്റെ ഭാവി ചിട്ടപ്പെടുത്തേണ്ട ഇളം തലമുറക്ക് സാങ്കേതിക പരിജ്ഞാനം സ്വാംശീകരിക്കാൻ സഹായകമാവുന്ന "ഡിജിറ്റൽ മാഗസിന്റെ" പ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

**മുഹമ്മദ്. സി.കെ.**

**മാസ്റ്റർ ട്രെയിനർ, കൈറ്റ് മലപ്പുറം**



ആഗോളവത്കരണത്തിന്റെ ഈ കാലത്ത്
മൊബൈൽയുഗത്തിന്റെ ഈ കാലത്ത്
ഹൈടെക് കാലത്ത് ജീവിക്കുന്നവർക്ക്
പുരാതനയുഗത്തിലെ കളികളും ജീവിതവും
പിടിച്ചെടുക്കാനുള്ള ഒരു തിരിച്ചുനടത്തത്തിലേക്ക്
നയിക്കാൻ കഴിയുമെങ്കിൽ.....

**സുധീർ കുമാർ**
**kite master**



ആഗോളവത്കരണത്തിന്റെ ഈ കാലത്ത് സാങ്കേതിക വിദ്യകളുടെ പിന്നിലൂടെ ഓടുകയാണ് ലോകം. ഈ ലോകത്ത് യുവതലമുറയുടെ ചിന്താശേഷി വളർത്തിയെടുക്കുകയാണ് പല ക്ലബ്ബുകളുടെയും പ്രധാന ലക്ഷ്യം. വിശുദ്ധിയും നന്മയും മനസ്സിൽതിളങ്ങുന്ന വിദ്യാർത്ഥികളുടെ സർഗാത്മക ശേഷി ഈ മാഗസിൻ വഴി ലോകത്തെ അറിയിക്കുകയാണ് ഞങ്ങൾ. ഈ കലാസൃഷ്ടിക്ക് എന്റെ എല്ലാവിധ ആശംസകളും...

**നഹിദ തഹ്സീൻ.പി.കെ**
Student Editor




എഴുത്തിന്റെ മാന്ത്രികവലയത്തിൽ അകപ്പെട്ട ഒരുപാടു പേരുടെ രചനകളും വരയുടെ മായാജാലത്തിൽ ഭ്രമിതരായ കലാകാരന്മാരുടെ സൃഷ്ടികളും ഒരുപിടി നല്ല ഓർമകളും കൂട്ടുപിടിച്ച് തയ്യാറാക്കിയ ഈ മാഗസിന് ഒരായിരം ആശംസകൾ.

**ഭവ്യ രാംദാസ് .കെ**
Student Editor

# മായാത്ത സ്വപ്നമായി മറഞ്ഞുപോയ ഒരാൾ........_

'ഉറങ്ങാൻ സമ്മതിക്കാത്ത' സ്വപ്നങ്ങളുമായി
നമുക്കിടയിലൂടെ നടന്ന
അധ്യാപകരുടെ അധ്യാപകനായിരുന്ന ശബരീഷ്
ഡിജിറ്റൽ കേരളം,ഡിജിറ്റൽ മലയാളം
ഹൈടെക്ക് വിദ്യാലയം, ഹൈടെക് ക്ലാസ് റൂം
അതിരില്ലാത്ത സ്വപ്നങ്ങൾകൊണ്ട് കവിത രചിച്ച്
ഐ.ടി.സ്ക്കൂളിന്റെ അമരത്തെന്നും ശബരീഷ്
ഉണ്ടായിരുന്നു.



ശബരീഷ് അധ്യാനത്തിന്റെ ആൾരൂപമായിരുന്നു
കഠിന പ്രയത്നത്തിന്റെ നേർസാക്ഷ്യമായി
പാഠപുസ്തകങ്ങളിൽ
കൈപ്പുസ്തകങ്ങളിൽ
ശാസ്ത്ര,കലാ മേളകളിൽ
വിദ്യാലയങ്ങളുടെ സമഗ്ര സാക്ഷ്യം രേഖപ്പെടുത്തിയ സ്ക്രൂൾവിക്കിയിൽ
'സമഗ്രയുടെ' സൃഷ്ടിപ്പിനായുള്ള മുന്നൊരുക്കങ്ങളിൽ
എല്ലാ നൂതനാശയങ്ങളുടെയും പൂർത്തീകരണത്തിനായുള്ള പണിപ്പുരകളിൽ
ഉണ്ണാതെ ഉറങ്ങാതെ പണിയെടുത്ത്
എല്ലാറ്റിലും തന്റെ മുദ്രപതിപ്പിച്ച്
എന്നും മുന്നിൽ ശബരീഷ് ഉണ്ടായിരുന്നു
അറിവിനോടുള്ള ഒടുങ്ങാത്ത പ്രണയവുമായി
തിരിച്ചറിവോടെ സഞ്ചരിച്ച ഒരാൾ
പുതിയത് എന്തും അറിയാനും അവതരിപ്പിക്കാനും
അഭിനിവേശവുമായി 'അത്ഭുത ലോകത്തിലെ ആലീസിനെ' പോലെ
സൈബർലോകത്തിന്റെ മുക്കിലുംമൂലയിലും കൗതുകത്തോടെ നടന്ന ഒരാൾ
ശബരീഷ് നേടിയെടുത്തത് മുഴുവൻ മൂല്യമേറിയ മുത്തുകൾ ആയിരുന്നു
അതിന്റെ പൊൻപ്രഭയിൽ ഐടി സ്ക്രൂൾ എന്നും തിളങ്ങി നിന്നു.
ഞങ്ങളോർക്കുന്നു ശബരീഷ്
നിന്റെ മായാത്ത പുഞ്ചിരി
മറക്കാത്ത ക്ലാസുകൾ
മടുക്കാത്ത സഞ്ചാരപ്രിയത
ഒടുങ്ങാത്ത വിജ്ഞാനതൃഷ്ണ
മധുരമാർന്ന വാക്കുകൾ
മറക്കാത്ത വിരുന്നുകൾ
തളരാത്ത നിശ്ചയദാർഢ്യം
ജീവിച്ചിരുന്നു എന്നതിന്
തെളിവുകൾ ഒരുപാട് ബാക്കി വെച്ചവർ

അവരാരും മരിക്കുന്നില്ല
ഉദയ വെളിച്ചമായി അവരെന്നും പുനർജ്ജനിച്ചുകൊണ്ടേയിരിക്കും
അവരുയർത്തി വിട്ട പട്ടങ്ങൾ
നീലാകാശത്ത് പാറിക്കൊണ്ടേയിരിക്കും
ശബരീഷ് ജീവിച്ചിരിക്കുന്നു
ഞങ്ങളുടെ നീറുന്ന ഓർമ്മകളിലെ
മരിക്കാത്ത പാദമുദ്രകളായ്........

സുഹൃത്തേ
മറക്കില്ലൊരിക്കലും

**'ടീം കൈറ്റ് ',മലപ്പുറം**

# EDITORIAL BOARD

CHIEF EDITOR: ABDU SALAM (Head Master)
STAFF EDITOR: SUDHEER KUMAR (Kite Master)
STUDENT EDITORS: NAHIDA THAHSEEN.P.K
BHAVYA RAMDAS.K
SUB EDITORS: ANAMIKA.K
SHAHIN.K.P
SHYMA NASNIN.K
FAHMID.K

# ഉള്ളടക്കം


1: അഹങ്കാരിയായ തക്കാളിക്കുട്ടൻ
2: കരിക്ക് ഐസ്ക്രീം
3: കോഫീബൈറ്റ്
4: ഡയമണ്ട് ബിസ്കറ്റ്
5: കണ്ടോ പൂവേ
6: പൂമ്പാറ്റേ പൂമ്പാറ്റേ
7: നിപ
8: മുത്തശ്ശി
9: പാലക്കാട്ടേക്കൊരു യാത്ര
10: ക്രിസ്തുമസ് രാവിലെ ആകാശയാത്ര
11: അവിശ്വസിനീയമായ യാത്ര
12: മാമ്പഴം
13: പങ്കുവെപ്പ്
14: മാമ്പഴം
15: തേങ്ങൽ
16: ഉറക്കം
17: കമ്പ്യൂട്ടർ ക്വിസ്
18: പ്രകൃതിയുടെ പ്രതികാരം
19: തീരാത്ത മോഹം
20: അമ്മ
21: വൃദ്ധവിലാപം
22:സുന്ദരലോകം
23:ഐ.ടി ക്വിസ് കമ്പ്യൂട്ടർ ഹാർഡ് വെയർ
24: മാനവീയം
25: സൈബർ കുറ്റകൃത്യങ്ങൾ
26: ജീവിതം
27: കുഞ്ഞുവാവ
28: ചിന്തകൾക്കെതിരെ
29: എന്റെ കൊച്ചുപൂന്തോട്ടം
30: എന്റെ കൊച്ചു മാവിൻ തണൽ
31: മരണം
32: യാത്രാമൊഴി
33: Hands of God
34: Bitter to sweeter
35: Taj Mahal
36: Gallery

## കഥ

# അഹങ്കാരിയായ തക്കാളിക്കുട്ടൻ



ഒരു ഗ്രാമത്തിൽ നിറയെ വിളവ് ലഭിക്കുന്ന ഒരു പച്ചക്കറി തോട്ടമുണ്ട് പല പല പച്ചക്കറി വിളയുന്ന് ഈ തോട്ടത്തിൽ ഒരു അഹങ്കാരിയായയഒരു പച്ചക്കറിയായിരുന്നു തക്കാളുക്കുട്ടൻ തന്നെക്കാൾ സാമർത്ഥ്യം മറ്റാർക്കുമില്ലെന്ന് അഹങ്കരിക്കുമായിരുന്നു അവൻ .അവൻെറ കൂട്ടുക്കാരാണ് മത്തൻ ചേട്ടൻ,പച്ചമുളക്,വെണ്ടക്ക,കൈപ്പ ഇവരോട് എന്നും തക്കാളിക്കുട്ടൻ പൊങ്ങച്ചം പറയും എല്ലാവരും തോട്ടത്തിൻെറ വഴിയിൽ ഇരുന്നു സംസാരിക്കുകയായിരുന്നു.പെട്ടന്ന കൊമ്പവരുന്നത് വെണ്ടചേട്ടൻ പറഞ്ഞു.5 കൂട്ടുക്കാരും തോട്ടത്തിൻെറ പുല്ലുകൾക്കിടയിലേക്ക് ചാടി.കൈപ്പ തക്കാളിക്കുട്ടനെ ഉറക്കെ വിളിച്ചു.തക്കാളിക്കുട്ടാ ഇങ്ങോട്ടു പോരൂ.ഇല്ലെങ്കിൽ കൊമ്പൻ നിന്നെ അരച്ചുകളയും.തക്കാളിക്കുട്ടൻ കൈപ്പയോടുപറഞ്ഞു.ഓ നീ മെലിഞ്ഞതും ഉണങ്ങിയതുമാണ്.നീ എന്നെ നോക്കു ഉണ്ടക്കുട്ടൻ ,ശക്തിശാലിവീരൻ എന്നെയോർത്ത് നീ ഭയപ്പെടേണ്ട.ആ കൊമ്പനെ ഞാൻ ഒരു വിരലുകൊണ്ട് അവനെ തോട്ടിലെറിയും നീ കണ്ടോ ഞാൻ ആരാ മോൻ കൈപ്പയും കൂട്ടുക്കാരും തക്കാളിക്കുട്ടൻെറ അഹംങ്കാരത്തിൽ നോക്കിനിന്നു.കൈപ്പ വിളിക്കാൻ ശ്രമിച്ചു.മത്തൻ ചേട്ടൻ കൈപ്പയെ തടഞ്ഞുപറഞ്ഞു.വരാനുള്ളത് വഴിയിൽ തങ്ങില്ലഅവനുള്ള അഹംങ്കാരത്തിൻെറ ഫലം കൊമ്പൻ കൊടുത്തോളും.കൊമ്പൻ വരുന്ന വഴിയിൽ തക്കാളിക്കുട്ടൻ നിന്നു.കൊമ്പനെന്തുതക്കാളി,അവൻ അവൻെറ കാലു കൊണ്ടു ചവിട്ടിനടന്നു.തക്കാളി അരഞ്ഞു.കൂട്ടുക്കാർ തക്കാളിയുടെ മരണം നോക്കി നിന്നു.അവർ പതിയെ പറഞ്ഞു. അഹംങ്കാരം ആരെയും വലിയവനാക്കുന്നില്ല .അഹംങ്കാരം തന്നെ തന്നെ ആപത്തിലാക്കുകയും ചെയ്യും



**സുജലക്ഷ്മി .സി**
**8 എ**

# പാചകക്കുറിപ്പ്

## കരിക്ക് ഐസ്ക്രീം



**ആവശ്യമായ സാധനങ്ങൾ**

കരിക്ക് - 1

കണ്ടൻസ്ഡ് മിൽക്ക് - കാൽ കപ്പ്

പഞ്ചസാര - കാൽ കപ്പ്

കരിക്കിൻ വെള്ളം - അരകപ്പ്

ഫ്രഷ് ക്രീം - അരകപ്പ്

**തയ്യാറാക്കുന്ന വിധം**

കരിക്ക് പൊട്ടിച്ച് കാമ്പ് എടുക്കുക. ഇനി 2 മുതൽ 4 വരെയുള്ള ചേരുവകൾ കൂട്ടിച്ചേർത്ത് മിക്സിയിൽ നന്നായി അടിക്കണം.ഫ്രഷ് ക്രീമെടുത്ത് നന്നായി അടിച്ച് പതപ്പിക്കുക.ഇത് മിക്സിയിൽ അടിച്ച് വെച്ചിട്ടുള്ളതിലേക്ക് ചേർത്ത് നന്ന്ായി യോജിപ്പിക്കുക .ഇനി ഫ്രിസറിൽ വെച്ച് 8 മണിക്കൂർ തണുപ്പിച്ച് ഉപയോഗിച്ചോളൂ. ഫ്രഷ് ക്രീം ഇല്ലെങ്കിലും ഐസ്ക്രീം ഉണ്ടാക്കാം.

**ഫാത്തിമ ഷഫ്ന .എൻ**
**8 സി**

# പാചകക്കുറിപ്പ്

## കോഫീബൈറ്റ്

**ആവശ്യമായ സാധനങ്ങൾ**

പാൽ - 1 ലിറ്റർ

പഞ്ചസാര -300 ഗ്രാം

മൈദ – 15 ഗ്രാം

നെസ് കഫെ - 20 ഗ്രാം

നെയ്യ് - 50 ഗ്രാം

ഏലക്കായ – 5 എണ്ണം

**തയ്യാറാക്കുന്ന വിധം**

പാൽ ഉരുളിയുലോ ചീനച്ചട്ടിയിലോ ഒഴിച്ചു ചൂടാക്കുക.നെസ് കഫെ,പഞ്ചസാര, മൈദ ഇവ യോജിച്ച മിശ്രിതം കുറെശേ ഇട്ട് നന്നായി ഇളക്കികൊണ്ടിരിക്കണം.തിളച്ചു വരുമ്പോൾ രണ്ടോ മൂന്നോ പ്രാവശ്യമായി നെയ്യ് ഒഴിച് വീണ്ടും ഇളക്കുക.പാത്രത്തിൽ നിന്നും ഇത് വിട്ടുവരുന്ന പാകത്തിൽ വാങ്ങി വെക്കുക.ഈ സമയം ഏലക്ക പൊടിച്ചത് ചേർത്ത് ഇളക്കി നെയ്യ് പുരട്ടിയ ട്രേയിലേക്കോ മാറ്റി ചപ്പാത്തികോൽ കൊണ്ട് പരത്തുക.ചെറുചൂടുള്ളപ്പോൾ തന്നെ മുറിച് ഉപയോഗിക്കാവുന്നതാണ്

**ഫാത്തിമ ഷിഫ്ന .എൻ**
**8 സി**

# പാചകക്കുറിപ്പ്

## ഡയമണ്ട് ബിസ്ക്കറ്റ്



**ആവശ്യമായ സാധനങ്ങൾ**

മൈദ / ഗോതമ്പ് - 1 കപ്പ്
നെയ്യ് - 1 ടേബിൾ സ്പൂൺ
ബേക്കിങ് സോഡ – ഒരുനുള്ള്
പഞ്ചസാര പൊടിച്ചത് - ആവശ്യത്തിന്

**തയ്യാറാക്കുന്ന വിധം**

മൈദ / ഗോതമ്പ് , നെയ്യ്, ബേക്കിങ് സോഡ എന്നിവ മിക്സ് ചെയ്ത് പരത്തിയെടുക്കാൻപാകത്തിന് മാവ് തയ്യാറാക്കുക.ശേഷം മാവ് പരത്തിയെടുത്ത് ഡയമണ്ട് ആകൃതിയിൽ മുറിച്ച് എണ്ണയിൽ വറുത്തെടുക്കുക.വറുത്തെടുത്ത ബിസ്ക്കറ്റിൽ പഞ്ചസാര പൊടിച്ച് വിതറുക.

**ഫാത്തിമ ഷിഫ്ന .എൻ**
**8 സി**

# കവിത

## കണ്ടോ,പൂവേ

കണ്ടോ,പൂവേ നിന്നെ കണ്ടൊരു
വണ്ട് പറന്നുവരുന്നുണ്ട്
ചുണ്ടാൽ നല്ലൊരു പാട്ടും മൂളി
വണ്ട് പറന്നുവരുന്നുണ്ട്
കണ്ടാൽ ഇഷ്ടംതോന്നില്ലേ-ആ
പാട്ടുകൾ കേൾക്കാൻ രസമല്ലേ
വണ്ടിനു നൽകൂ പൂന്തേൻ-നിന്നുടെ
ചുറ്റും പാറി നടക്കട്ടെ



**ഫാത്തിമ ഹംന.എ**
**5 ബി**

# കവിത

## പൂമ്പാറ്റേ....പൂമ്പാറ്റേ....




പുത്തനുടുപ്പിട്ട പൂമ്പാറ്റേ
എന്തു ചന്തമാ നിന്നെ കാണാൻ
എന്തു ഭംഗിയാ നിന്നെ കാണാൻ
പൂവുകൾ തോറും പാറി നടക്കും
സുന്ദരി പൂമ്പാറ്റേ
എൻ കുഞ്ഞി പൂമ്പാറ്റേ
പൂമ്പാറ്റേ...പൂമ്പാറ്റേ
പുള്ളിചിറകുള്ള പൂമ്പാറ്റേ
പൂമ്പാറ്റേ പൂമ്പാറ്റേ
പുത്തനുടുപ്പിട്ട പൂമ്പാറ്റേ

**നസ് വീഹ .പി**
**5 സി**

# കവിത

## നിപ



എന്റെ ബാല്യകാലം കവർന്നെടുത്ത്...............
എൻ അമ്മയ്ക്ക് വിരഹം പകർന്നും.................
എൻ ശരീരം തളർത്തിയും
എൻ ശിരസ്സിനെ കുത്തിനോവിച്ചും
എൻ ഊർജ്ജം കവർന്നെടുത്തതാ-
കൊല്ലും വയറസാം "നിപ"
എൻ നാടിനെ ഭീതിയിലാഴ്ത്തിയ
എൻ നാടിനെ മരണത്തിൽ വീഴ്ത്തിയും
മാധ്യമലോകത്ത് ചർച്ചയായ് "നിപ"
പരിഹാരമില്ലെന്നു കരുതിയും
ജനങ്ങൾ തൻ രക്ഷകനെന്നടുത്തോളം
നിപ തൻ മറുമരുന്നായ്
റിബ വൈറിനും എത്തുമ്പോൾ
എൻ നാടിനായ് ജീവൻ ബലി കഴിപ്പിച്ച-
മാലാഖക്കെൻ കണ്ണീർ പ്രണാമം

**ആഗ്നേയ രാജേഷ്**
**9 A**

## കഥ

# മുത്തശ്ശി

ഒരു ഗ്രാമത്തിൽ ഒരു മുത്തശ്ശിയുണ്ടായിരുന്നു.അവർ ഒറ്റക്കായിരുന്നില്ല.ഒരു മകനു മുണ്ടായിരുന്നു.പക്ഷെ അവൻ വിദേശത്ത് ജോലിയ്ക്ക് പോയിരുന്നു.മുത്തശ്ശിയ്ക്ക് അവനെ വളരെ ഇഷ്ടമായിരുന്നു.ജോലിയുടെ ആദ്യ നാളുകളിൽ അവൻ മുത്തശ്ശിയെ വിളിച്ചു.കുറച്ചു ദിവസങ്ങൾ പിന്നിട്ടപ്പോൾഎന്നും വിളിച്ചിരുന്ന മോൻെറഫോൺ കോളുകൾ ആഴ്ച്ചയിലൊരിക്കലായിഇത് കുറഞ്ഞു കുറഞ്ഞു വന്നു . മകൻ ജോലിയിൽ വലിയ ഉദ്യോഗസ്ഥനായതിനാൽതിരക്കായിരിക്കുന്ന് അമ്മ മുത്തശ്ശി കരുതി.ദിവസങ്ങൾ പിന്നിട്ടപ്പോൾ മുത്തശ്ശിയെ പ്രായം തൻെറ കൈപിടിയിൽ ഒതുക്കി .എണീക്കാനും നടക്കാനും ഒന്നിനും വയ്യ.നാലു വർഷത്തിനുശേഷം മകൻ അമ്മയെ കാണാൻ നിറയെ സാധനങ്ങളുമായി ഗ്രാമത്തിലെത്തി.അപ്പോഴാണ് വീടിൻെറ മുറ്റത്ത് ഒരു ആൾ ക്കൂട്ടം.അത് അവൻെറ അമ്മയുടെ മരണവാർത്ത അറിഞ്ഞ് എത്തിയവരായിരുന്നു.അവൻ ഹൃദയം തകർന്ന് പൊട്ടിക്കരഞ്ഞു .അപ്പോഴാണ് ആൾക്കൂട്ടത്തിൽ നിന്ന് ഒരു ചോദ്യം നീ എന്നും അമ്മയെ വിളിച്ചിരുന്നെങ്കിൽ..........അയാൾ ദുഖിതനായി വർഷങ്ങൾക്ക് ശേഷം അമ്മയെ കാണാൻ വന്നവൻ അമ്മയുടെ മരണാനന്തര ചടങ്ങിൽ പങ്കുകൊണ്ട് തിരിച്ച് വിദേശത്തേയ്ക്ക് പോകുന്നു



**അമിത. ടി**
**9 എ**

# യാത്രാവിവരണം

## പാലക്കാട്ടേക്കൊരു യാത്ര

2012-13 അധ്യയന വർഷത്തിൽ ഞാൻ മൂന്നാം ക്ലാസ്സിൽ പഠിക്കുകയായിരുന്നു. ആ വർഷം ഞങ്ങളൊരു യാത്ര പോയി. പാലക്കാട്ടേക്കായിരുന്നു യാത്ര പോയത് . ഞങ്ങൽ ടൂർ ബസ്സിലായിരുന്നു പോയത് .ഞാനും എന്റെ കൂട്ടുകാരികളുമെല്ലാം അടുത്തടുത്ത് സീറ്റ് പിടിച്ചു. അധ്യാപകൻമാരും അധ്യാപികമാരും ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നു. വളരെ മനോഹരമായ യാത്രയായിരുന്നു അത് . ആദ്യം ഞങ്ങൾ പോയത് മലമ്പുഴയിലുള്ള ഫാന്റസി പാർക്കിലേക്കായിരുന്നു. അത് ഒരു വാട്ടർ തീം പാർക്കായിരുന്നു. കുറേ നേരം വെള്ളത്തിൽ കളിച്ചു. ഉച്ചയായപ്പോൾ ഊണ് കഴിച്ച് അവിടെ നിന്ന് മടങ്ങി.പിന്നെ ഞങ്ങൾ പോയത് മലമ്പുഴ ഡാം കാണാനായിരുന്നു. ഡാമിന്റെ മുകളിലുള്ള പാലത്തിൽ നിന്നാലേ ഭംഗിയിൽ കാണാൻ പറ്റൂ. അതിനാൽ ഞങ്ങൾ സ്റ്റെപ്പ് വഴി പാലത്തിൽ കയറി. ധാരാളം സ്റ്റെപ്പുകൾ കയറണമായിരുന്നു പാലത്തിലെത്താൻ. ഞങ്ങളിൽ ചിലർ സ്റ്റെപ്പുകളുടെ എണ്ണം നോക്കുന്നുണ്ടായിരാന്നു.കുറെ നേരം ഡാമിന്റെ ഭംഗി ആസ്വദിച്ച് അവിടെ നിന്നു. വൈകുന്നേരമായപ്പോൾ അവിടെ നിന്നു മടങ്ങി.പിന്നെ ഞങ്ങൾ മലമ്പുഴ സ്നേക്ക് പാർക്ക് കാണാൻ പോയി. അവിടെ പല വിധത്തിലും പലതരത്തിലുമുള്ള ധാരാളം പാമ്പുകളെ കണ്ടു.ഒരു വലിയ മുതലയെ ഒരു വേലി കെട്ടിയ തടകലിൽ ആക്കിയിരുന്നു.ഞങ്ങൾ അത്ഭുതത്തോടെ അതിനെ നോക്കി നിന്നു.സന്ധ്യയായപ്പോൾ ഞങ്ങൾ അവിടുന്ന് യാത്ര തിരിച്ചു.രാത്രിയായപ്പോൾ വീട്ടിൽ തിരിച്ചെത്തി.വളരെയധികം പച്ചപ്പ് നിറഞ്ഞ പ്രദേശമായിരുന്നു പാലക്കാട്.എനിക്കേറെ ഇഷ്ടമുള്ള യാത്രയായിരുന്നു അത്.



**ഫാത്തിമ നിസ്'മ .പി**
**9 സി**

# കഥ

## ക്രിസ്മസ് രാവിലെ ആകാശ യാത്ര

നാളെ ക്രിസ്തുമസാണ്. വീട്ടിലെ അലങ്കാരങ്ങളൊക്കെ കഴിഞ്ഞ് കിടക്കാൻ നിൽക്കുകയാണ് ഡോണ. അവളുടെ മനസ്സിൽ ക്രിസ്മസ് മാത്രമാണ്. അവൾ ഉറങ്ങിയപ്പോൾ ആരോ വാതിൽ മുട്ടുന്ന ശബ്ദം. ഡോണ പുറത്ത് പോയി നോക്കി.അത്ഭുതം തന്നെ ക്രിസ്മസ് അപ്പൂപ്പൻ. അപ്പോൾ ഡോണയ്ക്ക് സന്തോഷത്തിന് അതിരുകളില്ലായിരുന്നു.അപ്പൂപ്പൻ ചോദിച്ചു എന്റെ കൂടെ കാഴ്ചകൾ കാണാൻ പോരുന്നോ? ഇതു കേട്ടപ്പോൾ ഡോണ സമ്മതം മൂളി.അവൾ അപ്പൂപ്പന്റെ കൂടെ പോയി.സാന്താക്ലോസ് അപ്പൂപ്പൻ തന്റെ വാഹനം ഒന്നു വലിച്ചു.വാഹനം അവരെയുംകൊണ്ട്ആകാശത്തേക്ക് പോയി.നക്ഷത്രങ്ങൾ കിടയിലൂടെ ചന്ദ്രന് അടുത്ത് എത്തി.ഡോണ വാഹനത്തിൽ നിന്ന് അമ്പിളി അമ്മാവന്റെ മടിയിലേക്ക് ചാടി.അമ്പിളി അമ്മാവൻ അവളെയും കൊണ്ട് ഒന്ന് ചുറ്റിയടിച്ചു.തിരികെ വന്നു .പിന്നെ അവൾ പഞ്ഞിക്കുട്ടനായ മേഘമ്മാവന്റെ മേലേയ്ക്ക് ഒറ്റ ചാട്ടം.പിന്നീട് കുറച്ച് നേരം ഭൂമിയിലെ വിശേഷങ്ങൾ പറഞ്ഞു.ഡോണയും അപ്പൂപ്പനും തിരികെ വരാൽ നേരംഅപ്പൂപ്പൻ അമ്പിളിക്കും കൂട്ടുകാർക്കും ഒത്തിരി സമ്മാനങ്ങൾ കൊടുത്തു.പിന്നെ ഡോണയും അപേപൂപേപനും നന്ദി പറഞ്ഞ് ഭൂമിയിലേക്ക് തിരികെയെത്തി.ഡോണയ്ക്കും അപ്പൂപ്പൽ സമ്മാനങ്ങൾ നൽകി.




ഡോണാ എഴുന്നേൽക്കൂ ചേച്ചിയുടെ ശബ്ദം .ഡോണ ഞെട്ടിയുണർന്നു.മുന്നിലതാ ചേച്ചി.താൻ കണ്ടത് സ്വപ്ന മാണെന്ന്അപ്പോഴാണ് അവൾക്ക് മനസ്സിലായത്.പക്ഷെ ഇപ്പോഴും അപ്പൂപ്പനെയും  കാത്ത് ഇരിക്കുകയാണ്.

നസ് വീഹ .പി
6 സി

## കഥ

# അവിശ്വസനീയമായ  യാത്ര

ഞാനും എൻറെ കുടുംബവും ഒരു യാത്ര പോയി ആ യാത്ര എനിക്ക് ഏററവും ഇഷ്ടപ്പെട്ട യാത്രയായിരുന്നു.ഒരു വലിയ കളർഫുൾ യാത്രയായിര്ന്നു.യാത്ര പോകുന്നതിനു മുമ്പ് എൻെറ ഉമ്മ എന്നോട് പറഞ്ഞു . നമുക്ക് ഒരു യാത്ര പോയാലോ ? എനിക്ക് വിശ്വസിക്കാനായില്ല. അങ്ങനെ ഞങ്ങൾ യാത്രക്കൊരുങ്ങി.യാത്ര പോയപ്പോൾ വിചിത്രമായ കാഴ്ച്ചകൾ  കണ്ടു.  പാലക്കാട്ടേക്കായിരുന്നു യാത്ര. അവിടെ പച്ചപ്പു നിറഞ്ഞ
പുൽമേടുകളും,ആന പോലുള്ള മലകളും യാത്രയിൽ ഞാൻ കണ്ടു. മലമ്പുഴ പാർക്കിലേക്കായിരുന്നു ഞങ്ങൾ പോകാൻ വണ്ടി തിരിച്ചത് . പാർക്കിലെത്തിയപ്പോൾ ഞങ്ങളോട് ഭക്ഷണം കഴിക്കാൻ എന്റെ ഉപ്പപറഞ്ഞു. നല്ല ടേസ്റ്റുള്ള ഭക്ഷണമായിരുന്നു. ഞാൻ വളരെ എൻജോയ് ചെയ്തു. പിന്നെ ഞങ്ങൾ അവിടെനിന്ന് യാത്ര തിരിച്ചു. പിന്നെ ഞങ്ങൾ മലമ്പുഴ ഡാം കാണാൻ പോയി. അതിനിടയിലേക്ക് അഗാധമായ ഒരു സുനാമി പോലെ ആന കടന്നു വന്നു.  ഞങ്ങൾ പേടിച്ചു പോയി.അതായിരുന്നു ഞാൻ ഏറ്റവും പേടിച്ച ഒരു സംഭവം. ഞാൻ ഉമ്മാനെ കെട്ടിപ്പിച്ചു എന്നെയും പിടിച്ചു. എൻറെ അനിയൻമാർ എന്നെയും പിടിച്ചു.

രാത്രി ആയപ്പോഴേക്കും അവിടുത്തെ പ്രകൃതിയിലെ പച്ചപ്പ് എല്ലാം പോയി നിലാവുള്ള രാത്രി ആയി. എനിക്ക് മറക്കാനാവാത്ത ഭംഗിയായിരുന്നു അത്. പല കാര്യങ്ങളും ഞാൻ ചിന്തിച്ച് അങ്ങനെ വീട്ടിലെത്തി. എൻറെ ഓർമകളിൽ ഏറ്റവും വലിയ ഓർമയായിരുന്നു .ഇത്. അന്ന് ഞാൻ പോയപ്പോൾ പ്രകൃതിക്ക് നല്ല ഭംഗിയായിരുന്നു.





വീട്ടിലെത്തിയപ്പോൾ എൻറെ ചിന്ത ഇപ്പോഴത്തെ പ്രകൃതിയെ കുറിച്ചായിരുന്നു.

**ഹിബ . കെ.ടി**
**9.സി**

# കവിത

## മാമ്പഴം

മാമ്പഴക്കാലം വന്നു
മാമ്പഴം തിന്നാനുള്ള
കൊതി വന്നു ഓ പച്ച-
മാങ്ങയാണല്ലോ
ഈ മാമ്പഴമെന്താ പഴു-
ക്കാത്തെ ഓ പഴുത്തല്ലോ
എന്തു മധുരമുള്ള മാമ്പഴം
ഹഹഹ



അഫ്നാൻ .പി.സി
5 സി

# കവിത

## പങ്കു വെപ്പ്



കറ്റു വീഴ്ത്തിയ ചക്കര മാമ്പഴം
ആദ്യം കണ്ടത് കാക്ക പെണ്ണ്
ക്രൂർത്ത ചുണ്ടിനാൽമേലുറക്കീറി
കൊത്തി വിഴുങ്ങി മേൽപ്പൂള്
പിന്നാലെ എത്തിയൊരണ്ണാറകണ്ണൻ
കടിച്ചു രസിച്ചു കീഴ്ഭാഗം
എങ്ങാണ്ട് നിന്നൊരു തിത്തിരി പക്ഷി
കൊത്തിപ്പറിച്ചു വെടിപ്പാക്കി
മിച്ചം മധുരം നുണഞ്ഞിറക്കി
അണിയണിയായ് വന്നു ഉറുമ്പിൻ കൂട്ടം
ശേഷമാ മാങ്ങണ്ടികഴിച്ചിട്ടു അപ്പൂസ്
മധുരം കിനിയും നാളേക്കായ്.............

# കഥ

## മാമ്പഴം

ഒരു ദിവസം മാമ്പഴം വിൽക്കുന്നയാൾ മാമ്പഴക്കൊട്ട തലയിൽ വെച്ചു പോവുകയായിരുന്നു.അപ്പോൾ ഒരു തത്ത പറന്നു വന്ന് മാമ്പഴം കൊത്തിയെടുത്ത് വേഗം പറന്നു പോയി.അപ്പോൾ അയാൾക്ക് കോപം വന്നു.കോപം കാരണം അയാളുടെ കണ്ണു ചുവന്നു.അയാൾ പിറുപിറുത്തുകൊണ്ടു പറഞ്ഞു:"ഈ കുസൃതി തത്ത എന്റെ മാമ്പഴം കൊത്തിയെടുത്തു".അങ്ങനെ പറഞ്ഞ് അയാൾ നടന്നു.പെട്ടെന്ന് ഒരു നായയുടെ മുന്നിൽ അയാൾ ചെന്നു പെട്ടു."അയ്യോ ,അമ്മേ"പേടിച്ചു വിറച്ചു.കൊട്ട നിലത്തു വീണു.മാമ്പഴമെല്ലാം പിളിപിളിയായി." അയ്യോ, മാമ്പഴമെല്ലാം പോയല്ലോ?"



**അഫ്നാൻ .പി.സി**
**5 സി**

## കഥ

# തേങ്ങൽ

വൈകുന്നേരം വിദേശത്ത് ജോലി ചെയ്യുന്ന ശാക്കിറിന് ഭാര്യയുടെ ഫോൺ വന്നു.ശാക്കിർ ഫോൺ  എടുത്ത് ഭാര്യയോട് സംസാരിച്ചപ്പോൾ ഭാര്യ എന്നും സദസാരിക്കുന്നരീതിക്ക് വ്യാത്യാസമുണ്ടായിരുന്നു.അവൾ ആദ്യം പറഞ്ഞത് നിങ്ങളുടെ ഉമ്മയെ കൊണ്ട് ഞാൻ തോറ്റു എല്ലാവരുടെ ഇടയിലും ആകെ നാണം കെട്ടു.അവരെ ഇവിടെ നിന്നു മാറ്റണം .വ്യദ്ധസദനത്തിൽ കൊണ്ടു പോവണമെന്നു പറഞ്ഞു .അവൾ കരഞ്ഞു .ശാക്കിർ ഒരു പ്രതിമ കണക്കെ എല്ലാം കേട്ടു നിന്നു.കാരണം എന്താണെന്ന് ശാക്കിറിന് അറിയില്ലഅവൻ അവളെ സമാധാനിപ്പിക്കാൻ വേണ്ടി പറഞ്ഞു .ഞാൻ നാട്ടിൽ വരുന്നുണ്ട് അപ്പോൾ നമുക്ക് മാറ്റാം .ഇത് ഞാൻ പറഞ്ഞപ്പോൾ അവൾക്ക് സന്തോഷമായി.പക്ഷെ ശാക്കിറിന് ഇതു കേട്ടതുമുതൽ ഉറക്കമില്ലാതായി.ജോലി സ്ഥലത്തും വിടെയും അസ്വസ്ഥനായി .അങ്ങിനെ ഒരാഴ്ചകഴിഞ്ഞ് ശാക്കിർ നാട്ടിലേക്ക് മടങ്ങി.ശാക്കിറിനെ കണ്ട ഉമ്മ സന്തോഷം കൊണ്ട് കണ്ണിൽ കണ്ണുനീർ നനച്ച് അവനെ ആലിംഗനം ചെയ്തു.

**സഹ് ല സി എച്ച്**
**9 ഡി**

## കഥ

# ഉറക്കം

അമ്മയുടെ വേദനയോടുള്ള കരച്ചിൽ കേട്ടാണ് ആ ഗാഢനിദ്രയിൽ നിന്ന് ഞാൻ ഉണർന്നത്. വെള്ളധരിച്ച നഴ്സുമാർ ചോരയിൽ കുളിച്ചിരുന്ന എന്നെ വലിച്ചു പുറത്തെടുത്തു.ഞാൻ ഒറ്റക്കായിരുന്നു.വേതനകൊണ്ടോ എന്തോ,ഞാൻ കരഞ്ഞു.ചുറ്റിലുമുള്ളവർ സന്തോഷത്തോടും വാൽസല്യത്തോടുംക്രൂടി ചിരിച്ചുകൊണ്ട് എന്നെ വാരിപുണർന്നു.ഞാൻ കറഞ്ഞുകൊണ്ടിരുന്നു.
ഇന്ന് വെള്ളപുതച്ച എന്നെ അവർക്കുമുന്നിൽ കൊണ്ടുവരുമ്പോൾ ഇന്നു ഞാൻ നിശബ്ദനാണ് .അവരിൽ ചിലരെ ഇന്നെനിക്ക് ചുറ്റുമുള്ളു.ഇന്ന് അവർ അലമുറയിട്ടു കരയുന്നു.വെള്ളധരിച്ച നഴ്സ് വെള്ളപുതച്ച എന്നെ കൊണ്ടുപോയി.ഞാൻ വീണ്ടും ഗാഢനിദ്രയിലേക്ക്..

**ഷോബി കെ**
**10 ബി**

# ക്വിസ്

## കമ്പ്യൂട്ടർ ക്വിസ്

1. ഇമെയില്ൻെറ പൂർണ്ണരൂപം എന്താണ് ?

   ഉത്തരം ഇലക്ട്രോണിക് മെയിൽ

2. വിക്കി സോഫ്റ്റ് വെയർ ഉപയോഗിച്ച് , കേരളത്തിലെ വിദ്യാലയങ്ങളുടെ ചരിത്രം,സ്ഥലപരിചയം തുടങ്ങിയ വിവരങ്ങൾ ചേർത്തിട്ടുള്ള വിജ്ഞാന കോശം ?

   ഉത്തരം സ്ക്കൂൾ വിക്കി

3. കമ്പ്യൂട്ടറിലോ കമ്പ്യൂട്ടർ ശ്യംഖലകളിലോ അതിക്രമിച്ചു കയറി അതിലെ വിവരങ്ങൾ നശിപ്പിക്കുന്ന എന്താണ് ?

   ഉത്തരം ക്രാക്കിങ്ങ്

4. ഇമെയിൽ സേവനദാതാക്കൾ ആരാണ് ?

   ഉത്തരം ഗൂഗിൾ , യാഹൂ

5. ഇ-മെയിൽ ബോക്സിലേക്കു പ്രവേശിക്കാനുള്ള താക്കോൽ എന്താണ് ?

   ഉത്തരം പാസ് വേഡ്

**മുഷ്റിഫ പി**
**9 ബി**

# കവിത

## പ്രകൃതിയുടെ പ്രതികാരം

എന്തിനു മനുഷ്യ ,ക്രൂരതയെന്നോട്
കൊല്ലുന്നതെന്തിന്നെന്നെ നീ - ?

ശാന്തി പ്രതീകമായ് ഞാൻ നില നിൽക്കുമ്പം
എന്തിനെന്നെ നീ ഭ്രാന്തിയാക്കി ഇത്രമേൽ ദ്രോഹം

എനിക്കുമേൽ ചെയ്യുകിൽ ദിനത്യമെന്തിന്നെനിക്കു മാത്രം
തീക്കോലുരക്കാൻ നാശം വിതക്കാൻ

**ഷുബൈബ വി**
**9 ബി**

## കവിത

# തീരാത്ത മോഹം

ഒറ്റുകൊടുക്കുവാൻ
വീണ്ടും വരുമിനി ഒട്ടു-
ക്കത്തെയത്താഴവും
കഴിഞ്ഞിരിക്കുന്ന നമ്മളെ
പാപത്തിൻ കാതുപൊത്തി
സ്നേഹത്തിൻ കരൾപിളർന്ന്
എന്നിട്ടും നിറഞ്ഞില്ലല്ലോ
നിൻെറ മോഹത്തിൻ മടിശീല

സ്നേഹ കെ
10 ബി

# കവിത

## അമ്മ




അമ്മ നൽകിയ സ്നേഹം
അമ്മ നൽകിയ വെളിച്ചം
എനിക്കില്ലാതെ പോയ് ഇരുട്ടി-
ലാണ്ടുപോയ് ഞാൻ ,അമ്മയുടെ
കൈ പിടിച്ചു നടന്ന നാളുകൾ
അമ്മ നട്ടുനനച്ചു വളർത്തിയ
പൂച്ചെടികൾ,എല്ലാം ഇന്നെ-
നിക്കോർമ്മ മാത്രമായ്..........
അമ്മ എനിക്ക് നൽകിയ സ്നേഹം
ഇനിയാരെനിക്കു നൽകും
എങ്ങുപോയ് മറഞ്ഞു എന്നം-
വിട്ടെങ്ങു പോയ് മറഞ്ഞു
എന്റെയമ്മ എങ്ങുപോയ് മറഞ്ഞു.....

**സ്നേഹ കെ**
**10 ബി**

# കവിത

## വൃദ്ധവിലാപം..............



പാതവക്കിൽ പരവശയായൊരു
വൃദ്ധയിരുന്നു കേഴുന്നതു കണ്ടുഞാൻ
മരിച്ചുപോയയെന്നമ്മയെയോർത്തു
ഉള്ളിൽ വേദനവിങ്ങും മനസ്സോടെ
ചെന്ന് ചോദിച്ചു  എന്തുപറ്റിയമ്മേ!
വല്ലാതെ പരവശയായിരിക്കുന്നല്ലോ!
കുടുകുടെ മിഴിനീരുതിരും മിഴിതുടച്ചു
ഉള്ളിലെ നോവടക്കാൻപാടുപെട്ടിങ്ങനെ
മൊഴിഞ്ഞവർ മോനെ ലൊന്നു പെറ്റു
ഒത്തിരിപാടുരെട്ടുവളർത്തിഞാനവനെ
ഇന്നെനിക്കുവാർദ്ധക്യമായ്
അവനിന്നെന്നെ വേണ്ടാതെയായ്
വീട്ടിൽ വല്ലാത്ത ശല്യമാണു പോൽ ഞാൻ
ഇന്നലെ കയറിവന്നവളുടെ പ്രേരണയിൽ
എന്നെകൊണ്ടുവന്നുതള്ളിയിപ്പെരുവഴിയിൽ!
എങ്ങുപോകേണ്ടു എന്നറിയില്ല എന്തുചെയ്യേണ്ടു
എന്നെനിക്കറിയാതെ നിൽക്കുന്നു ഞാൻ
എൻമനം വല്ലാതെ നൊന്തു എന്തൊരനീതി...
എന്തൊരക്രമം....!എന്തൊരു ദുഷ്ടതയാണിതു ലോകമേ...
നൊന്തുപെറ്റരൊമ്മയോടിതു ചെയ്തീടാമോ???

**ലുബൈബ വി**
**10 ബി**

# കവിത

## സുന്ദരലോകം

പരം പിതാവേ നമിക്കുന്നു നിന്നെ
നീ സൃഷ്ടിച്ചലോകം എത്ര വലുത്
ലോക നന്മയ്ക്കായ് മാനവരും
പക്ഷി മൃഗാദികളും സൃഷ്ടിച്ച-
നീ അറിയുന്നുവോ ഈ സുന്ദര ലോകത്തെ
ഈലോകം തനിക്കു സ്വന്തം
തനിക്കുമാത്രമാണെന്നു മുദ്രാവാക്യം
അഭിമാനമല്ല അഹങ്കാരമാണതിൽ
ചോര ചിന്തുന്ന രാഷ്ട്രീയം
സിരകളിൽ കാമം തിളക്കുന്ന് 'മൃഗങ്ങൾ'
കണ്ണീർ കാണാത്ത നക്സലുകൾ
ഈ സുന്ദരലോകത്ത്
കുഞ്ഞുനാമ്പുകൾ മുളക്കുന്നു
കുഞ്ഞുമനം മരവിക്കുന്നു
ഇതിനവസാനം എവിടെ?
അങ്ങു കാണുന്നുവോ ഈ ലോകം
കേൾക്കുന്നുവോ ഈ രോദനം
ഓ...ഞാൻ മറന്നു....
എന്നോ വിലക്കെടുത്തല്ലോ അങ്ങയെ
ഈ 'സുന്ദര 'ലോകം....

**സ്വാതി കെ**
**10 ബി**

# ഐ.ടി ക്വിസ് ; കമ്പ്യൂട്ടർ ഹാർഡ് വെയർ

1)ലോകത്തിലെ ആദ്യത്തെ മൈക്രോ പ്രൊസസർ ?

:- intel 4004 (1971)

2) എത്ര ബിറ്റ് പ്രൊസസറായിരുന്നു ഇന്റൽ 4004 ?

:- 4 BIT

3)SD card ലെ SD എന്തിനെ സൂചിപ്പിക്കുന്നു ?

:- SECURE DIGITAL

4)USB യുടെ പൂർണ്ണ രൂപം ?

:-Universal Serial Bus

5)മൗസിന്റെ പിതാവ് ?

:-Douglas Engelbart

6)ലേസർ പ്രിന്റർ വികസിപ്പിച്ചെടുത്തതാര് ?

:- Gary Stark Weather

7)SSD യുടെ പൂർണ്ണ രൂപം ?

:- Solid State Drive

നിഷാന കെ

10 എ

# കഥ

## മാനവീയം

മാളത്തിൽ വെള്ളം കയറിയപ്പോൾ മൂർഖൻ പുറത്തു ചാടി. ഒരു വിധത്തിൽ നീന്തി അടുത്തുള്ള വീട്ടിലെത്തി വീട്മുക്കാലുംമുങ്ങിയിരിക്കുകയാണ്. മൂർഖൻ മേൽപ്പുരയിൽ അഭയം തേടി. രക്ഷപ്പെട്ട ആശ്വാസത്തോടെ ചുറ്റും നോക്കിയപ്പോഴാണ തൊട്ടടുത്തു തന്നെ ഒരു ചങ്ങാതി തണുത്തു വിറച്ചിരിക്കുന്നതു കണ്ടത്.മറ്റാരുമല്ല,പറമ്പിലെ പൊന്തപ്പടർപ്പിൽ താമസമാക്കിയ ഒരു ചെങ്കീരിമൂർഖന്റെ ഉള്ളൊന്നു കാളി. പക്ഷേ കീരി തന്നെ കണ്ടിട്ടും കാണാത്ത മട്ടിൽ ഇരിക്കയാണ് .അപ്പോഴതാ മറ്റൊരാൾ കൂടി പ്രളയജലത്തിൽ ഒഴുകി വരുന്നു. ചങ്ങാതി ഇടം വലം നോക്കാതെ പുരപ്പുറത്തേക്കു ചാടി ശരീരം കുടഞ്ഞ് മുഖമുയർത്തി. മൂർഖനെ കണ്ടപ്പോൾ മൂപ്പരുടെ പാതി ജീവൻ പോയി. പക്ഷേ, മൂർഖൻ അനങ്ങിയില്ല. ഒരു താപസനെപ്പോലെ പത്തിയൊതുക്കി ചുരുണ്ടുകൂടി. സമയം കടന്നുപോയി.വെള്ളം ഉയർന്നു കൊണ്ടിരുന്നു.എലി ഇരുന്ന സ്ഥാനത്ത് വെള്ളം എത്തി.തൊട്ടടുത്ത് പാമ്പാണ്.പക്ഷേ,മാർഗമെന്ത്?എലി രണ്ടും കൽപ്പിച്ച് പാമ്പിന്റെ പുറത്ത് ചാടിയിരുന്നു.അപ്പോഴും പാമ്പ് അനങ്ങിയില്ല. വെള്ളം പാമ്പിരിക്കുന്ന ഉയരത്തിലുമെത്തി.പാമ്പ് എലിയെയുംചുമന്ന് കീരിയുടെ പുറത്തു കയറി. കീരി എതിർപ്പൊന്നും കാണിച്ചില്ല.

അപ്പോഴതാ ഒരാൾ നീന്തി വരുന്നു. അയാൾ മേൽപ്പുരയിൽ കയറിനിന്നു. പുരപ്പുറത്തെ കാഴ്ച കണ്ട് ആദ്യം അയ്യോ, എന്ന് നിലവിളിച്ചു പിറകോട്ടുമാറി. പിന്നെ പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞു വെച്ച സ്മാർട്ടുഫോൺ പുറത്തെടുത്തു.ചറപറാന്നു പത്തിരുപത് ഫോട്ടോ എടുത്തു.അഞ്ചാറ് സെൽഫിയും, അതിനു ശേഷം പുരയിലേക്ക് ചാഞ്ഞുകിടക്കുന്ന മരത്തിന്റെ ചില്ലയൊടിച്ച് മൂന്നിനെയും തല്ലിക്കൊന്നു.

അനന്തരം അയാൾ താനെടുത്തഫോട്ടോ വിവിധ ഗ്രൂപ്പുകളിൽ പോസ്റ്റു ചെയ്തു തുടങ്ങി.ആ സമയത്ത് ശാഹിന വന്ന് എന്നിൽ നിന്ന് എന്റെ ഉമ്മയെ അടർത്തിമാറ്റി. അവളുടെ മുഖം ദേഷ്യം കൊണ്ട് ചുവന്നിരുന്നു. ശാഹിന എന്നോട് ഉമ്മയോട് ആ കാര്യം പറയാൻ ആവശ്യപ്പെട്ടു.ശാക്കിർ ഉമ്മയോട്ചോദിച്ചു,ഉമ്മാ നിങ്ങൾ എന്താ ശാഹിനയുടെ വീട്ടുകാർ വന്നപ്പോൾപറഞ്ഞത്? നിങ്ങൾ കുറച്ച് ചിന്തിച്ച് കൊണ്ട് പറയണ്ടേ ?ഉമ്മ ശാക്കിറിനെ നിഷ് കളങ്കതയോടെ നോക്കി. നിങ്ങൾ എന്നെ ഇങ്ങനെ നോക്കണ്ട. നിങ്ങൾ ഇനി ഇവിടെ നിന്നാൽശരിയാവില്ല. വേഗം പോയി റെഡിയായിക്കോ.. ശാക്കിർ പുറത്തു പോയി വണ്ടി സ്റ്റാർട്ട് ചെയ്തു. ഈ സമയം ആ മാതാവിന്റെ മനസ്സ്

വേദനിച്ചു. ഞാൻ നൊന്തു പ്രസവിച്ച് ഇത്രയും വളർത്തി വലുതാക്കിയഈ ഉമ്മാനെ

അവൻ ചിന്തിച്ചില്ല. ഭാര്യയുടെ വാക്കുകൾക്ക് ഊന്നൽനൽകി. ആ ഉമ്മ അവരോട് പറഞ്ഞു,, ഞാൻ പോകുന്നത് നിങ്ങളുടെമകളെ അറിയിക്കരുത്. ആ കുഞ്ഞു മനസ്സിന് അത് താങ്ങാൻ കഴിയില്ല. എന്ന് പറഞ്ഞ് ആ കണ്ണു തുടച്ചു .അങ്ങനെ വൃദ്ധ സദനത്തിന്റെ പടികൾ കയറി കൊണ്ട് ആ ഉമ്മ കരഞ്ഞു . ആ ഉമ്മയെപ്പോലെ പലരും അവിടെ ഉണ്ടായിരുന്നു. ഉമ്മ ഓരോന്നു ചിന്തിച്ചു കരഞ്ഞു കൊണ്ടിരുന്നു.അങ്ങനെ ശാക്കിറിന്റെ കുട്ടി സ്ക്കൂൾ വിട്ട് വന്നയുടനെ ഉമ്മൂമ്മയെ ചോദിച്ചു. ബാബാ ..എവിടെ എന്റെ ഉമ്മൂമ്മ ?ശാഹിന ചിരിച്ചു കൊണ്ട് പറഞ്ഞു നിന്റെ ഉമ്മൂമ്മ മരിച്ചു എന്നു പറഞ്ഞു. ഇത് കേട്ട് ശാക്കിറിന്റെ മനസ്സ് പിടഞ്ഞു. ആ നിമിഷം തന്നെ കുട്ടി കരഞ്ഞു കൊണ്ട് തളർന്നു വീണു. അവർ കുട്ടിയെയും കൊണ്ട് ഹോസ്പിറ്റലിലേക്ക് പോയി. ഡോക്ടർ പറഞ്ഞു നിങ്ങളുടെ പ്രാർത്ഥന വേണം ഇനിയുള്ള കാര്യങ്ങൾക്ക്.

അവൾ കൈവിട്ടു പോകുകയാണെന്നറിഞ്ഞപ്പോൾ ശാക്കിർ തന്റെ മാതാവിനെ കൊണ്ടു വരാൻ പോയി.

മാതാവിനോട് വൃദ്ധസദനത്തിലെ മാനേജർ വന്നിട്ട് പറഞ്ഞു, നിങ്ങളെ കൊണ്ടു പോകാൻ മകൻ വന്നിട്ടുണ്ട്.ആ ഉമ്മ ആശ്ചര്യപ്പെട്ടു. ഉമ്മ മാതാവിനോട് എല്ലാം തുറന്ന് പറഞ്ഞു.ഉമ്മ മകളെ വാരിപ്പുണർന്ന് കരഞ്ഞു . ഉമ്മാന്റെ കണ്ണീർ മോളെ മുഖത്തേക്ക് തട്ടിയതും അവൾ കണ്ണു തുറന്നു. ശാക്കിറും ശാഹിനയും ഉമ്മയോട് മാപ്പു പറഞ്ഞു.പിന്നീടുള്ള നിമിഷങ്ങൾ അവർ സന്തോഷമായി ജീവിച്ചു.

**ഫാത്തിമ റിൻഷ സി.പി**
**9 ഡി**

# കുറിപ്പ്

## സൈബർ കുറ്റ കൃത്യങ്ങൾ

കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ഇന്റർനെറ്റ് തുടങ്ങി ആധുനിക വിവര വ്യൂഹങ്ങളുടെ സഹായത്താൽ ചെയ്യുന്ന നിയമ വിരുദ്ധ പ്രവർത്തനങ്ങളാണ് സൈബർ കുറ്റകൃത്യങ്ങൾ. ഒരാളുടെ സ്വകാര്യതയെഹനിക്കുന്നതോ അപകീർത്തിപ്പെടുത്തുന്നതോ സന്ദേശങ്ങൾ, ചിത്രങ്ങൾവ്യാജസന്ദേശങ്ങൾ,ദേശസുരക്ഷയെ ഹനിക്കൽ എന്നിവ ഇന്റർനെറ്റിലൂടെയോ സമൂഹ്യ മാധ്യമങ്ങളിലൂടെയോ കൈമാറ്റം ചെയ്യുന്നതും പ്രചരിപ്പിക്കുന്നതും അതീവ ഗുരുതരമുള്ള സൈബർ കുറ്റ കൃത്യങ്ങളാണ്.

* ക്രാക്കിംഗ് *പോണോഗ്രാഫി
* ഫിഷിങ്ങ് * സൈബർ ടെററിസം
* സൈബർ സ്ക്വാട്ടിങ്ങ്

**റബീഹ ടി**
**9 ബി**



# കവിത

## ജീവിതം

പ്രഭാതത്തിലെ മഞ്ഞു തുള്ളികളെപ്പോൽ
ലോലമാം ജീവിതം.
സ്വപ്നങ്ങൾ,മോഹങ്ങൾ പൂവിട്ട് വിരിയുന്ന
വൃന്ദാവനമാണ് ജീവിതം.
കണ്ണീരിൻ കൈപ്പും സന്തോഷത്തിൻ മാധുര്യവും
മാറി നുകരുവാനുള്ളതാണീ ജീവിതം
ഉയരത്തിലെത്തുവാനുള്ളതാണീ ജീവിതം.
സ്നേഹിക്കുവാനുള്ളതാണീ ജീവിതം.
വിധിവിളയാടുന്ന നടന വേദിയീ ജീവിതം
ജീവിതം തന്നതീശ്വരൻ
ജീവിതം കടിഞ്ഞാണ പിടിയ്ക്കുമീശ്വരൻ
ജീവിത ഹാനിയെ കാറ്റിൽ പറത്താം
ജീവിതമാം അവസരത്തെ ആസ്വദിക്കാം

**ഫാത്തിമ അസ്‌ലി കെ വി**
**9 ബി**

## കഥ

# കുഞ്ഞുവാവ

ഞാൻ ഒറ്റക്കിരുന്നു .എൻെറ കണ്ണുകൾ നവഞ്ഞിരുന്നു. കളിക്കാൻ തോന്നിയില്ല. തനിയ്യെന്തു കളിക്കും?അയൽ വീട്ടിൽ കുട്ടികൾ അടിപിടിക്രൂടുന്നുഎന്തിന്?വീണ്ടു അവർ സ്നേഹിക്കുന്നു.സ്നേഹം ചുംബനം നൽകുന്നു എന്തിന്?കാര്യമെന്താണ്.അവർ ഒരു രക്തമാണ്.എൻ കളിക്കൂട്ടുകാരിക്കുമുണ്ട് കുഞ്ഞനുജത്തി മുന്തിരികണ്ണും പാൽ പുഞ്ചരിയുമുള്ള കുഞ്ഞുവാവ ആ കുഞ്ഞുവാവയെ നോക്കിയിരിക്കെ ആ കിളിക്കൊഞ്ചലുകൾ കാൺകെ അറിയാതെ ഞാൻ ചിരിച്ചുപോയി ചിരിച്ചു കൺപീലികൾ നനഞ്ഞു പോയി .കാരണം ആ കുഞ്ഞുവാവ തൻെറതല്ലല്ലോ.പതുക്കെ ഞാനെണീറ്റു വീടിൻെറ പിന്നാമ്പുറത്തേക്കുപോയി.കളിമൺ കുറച്ചു കയ്യിലെടുത്തു.മണ്ണുകുഴച്ച് കുഞ്ഞു രൂപമുണ്ടാക്കി.അതിൻെറ മുഖത്ത് കുറച്ചുനേരം കണ്ണുനട്ടു .അതെന്നോട് ചിരിക്കുന്നുവോ!ഞാനും ചിരിച്ചുപോയി.കുഞ്ഞുവാവയെ എടുത്ത് ഇലയിൽ വെച്ചു പതുക്കെയൊന്ന് തലോടി.കരഞ്ഞുപ്രാർത്ഥിച്ചാൽ എന്തും തരുമെന്ന് കേട്ടു.ഞാനെൻ അമ്പാടികണ്ണനോട് കരഞ്ഞപേക്ഷിച്ചു. കുറച്ചു സമയം കഴിഞ്ഞ് ഞാൻ വരാം.ആ സമയം കൊണ്ട് ഈ കുഞ്ഞുരൂപത്തെ തുള്ളികളിക്കുന്ന ഒരു കുഞ്ഞുവാവയാക്കാമോ?കണ്ണൻ ആ പ്രാർത്ഥന കേട്ടെന്നു തോന്നി.ആ വിശ്വാസത്തിൽ ഞാനപ്പുറത്ത പോയിരുന്നു.കണ്ണൻ എനിക്കുതരുന്ന ആ മുത്തിനെ കാണാൻ മനം കുളിർത്തു ഞാനിരുന്നു.എൻ മുത്തിനെ കയ്യിൽ കിട്ടിയാലെടുത്തു ഞാനാ കുഞ്ഞികവിളിൽ മുത്തമിട്ടും സമയം പോയതറിഞ്ഞില്ല. ഞാൻ വേഗമോടി അവിടെ എത്തി.സന്തോഷമോടെ ഞാനടുത്തുചെന്നു.കുഞ്ഞുവാവയെ എടുക്കാൻ കൈകൾ നീട്ടി.പക്ഷെ ഞാനവിടെ കണ്ടതോ...വെയിലുതട്ടി വിണ്ടുകീറിയ ആ കുഞ്ഞുരൂപം മാത്രം.ഒരേങ്ങൽ എൻ കണ്ടത്തിൽ വന്നു നിന്നു.വീണ്ടും കീറിയെൻ മനവും.

**സ്വാതി കെ**
**10 ബി**

# കവിത

## ചിന്തകൾക്കെതിരെ



അതിരുകളില്ലാലോകത്തിനായ്
പൊരുതണം നാം വഴിയിൽവീണാൽ.
ഉയരണം വീഴ്ചയിൽനിന്ന്
ഹൃദയത്തിൽ മുറിവേൽപ്പിക്കും
വാക്കുകളാൽ തളരരുത് നാം..
ഉയരുക വീഴ്ചയിൽനിന്ന്,
പൊരുതാം നാളേക്കായ്,
നിഷ്കളങ്കമായ മുഖങ്ങൾക്കായ്..
ബന്ധനങ്ങളുടെ ഒടുവിനായ്
അതിരുകളില്ലാതാവാൻ
പുരുഷനെന്നപേരിൽ
ഒരു വർഗം നമുക്കുചുറ്റും
സഹവസിക്കുന്ന ക്രൂരരുടെ
ചിന്തകൾക്കെതിരെ പൊരുതാൻ
നാം മാത്രം

**നഹിദ തഹ്സീൻ.പി.കെ**
**൯.ഇ**

# കവിത

## എന്റെ കൊച്ചു പൂന്തോട്ടം

എന്റെ കൊച്ചുപൂന്തോപ്പിൽ ഭംഗിയുള്ള പൂവുണ്ട്.
എന്റെ കൊച്ചുപൂന്തോപ്പിൽ വണ്ടുണ്ട്.
എന്റെ കൊച്ചുപൂന്തോപ്പിൽ തുമ്പിയുണ്ട്.
എന്റെ കൊച്ചുപൂന്തോപ്പിൽ പൂമ്പാറ്റയുണ്ട്.
എന്റെ കൊച്ചുപൂന്തോപ്പിൽ തേനീച്ചയുണ്ട്.
എന്റെ കൊച്ചുപൂന്തോപ്പിൽ പല പല പൂക്കളുണ്ട്....

**ഫാത്തിമ ഹിബ**
**5.സി**



## കവിത

# എന്റെ കൊച്ചു മാവിൻതണൽ

മുറ്റത്തെ കൊച്ചു മരത്തിൻചോട്ടിലാണ്
ഞാനും എന്റെ ക്രൂട്ടുകാരുംകളിക്കുന്നത്.
കൊച്ചു മരത്തണലിൽ
മണ്ണപ്പം ചുട്ടും കുറ്റിപ്പുരയ്ണ്ടാക്കിയും
നിത്യവും കളിക്കും ഞങ്ങൾ
നിത്യവും കളിക്കും ഞങ്ങൾ
കത്തിജ്ജ്വലിക്കുന്ന സൂര്യന്റെ വെയിലിൽ
തണലേകീടും ഞങ്ങൾക്കെന്നുമെൻ
കൊച്ചുമാവിൻതണൽ
എൻ കൊച്ചുമാവിൻതണൽ


Mango Tree

**മെഹന.കെ.എസ്**
**5.ബി**

# കവിത

## മരണം

പെട്ടെന്നെന്നെ തലോടിക്കൊണ്ടെ -
ന്റെ ആത്മാവിനെ പറിച്ചെടുത്തു ...
അവൻ അകന്നുപോയ്.
എന്റെ മെയ്യിലെ വേദനയറിയുന്നുഞാൻ
എന്റെ കാഴ്ചശക്തി നഷ്ടമായ്
വാക്കുകൾ ഇടറിയെനിക്ക്
എന് കാതുകളിൽ ശബ്ദം നിശ്ചലമായ്
ചലനമറ്റുകിടക്കയായ് എൻ ശരീരം
എന്നെന്നേക്കുമായി.
യാത്രയായ്, യാത്രക്കിടയില് അറിഞ്ഞുഞാൻ
എന്നെ യാത്രയാക്കിയവനെ...
അതവനായിരുന്നു....

**ഹിബത്ത് റഹ്മ**
**9.ഐകവിത**

# കവിത

## യാത്രാ മൊഴി



"പിടയുന്നു എൻമനം
നിൻ നിറപുഞ്ചിരിക്കായ്
മനം തുറക്കുന്നതിനുമുമ്പേ
കൂടണഞ്ഞ പൈങ്കിളി
നിൻ സ്വരങ്ങൾ ഒരു
തേങ്ങലായ്

എൻ ഉള്ളിൽ അലയടിക്കുന്നു
ഒരു നാൾ തിരികെ വരുമെന്ന
പ്രതീക്ഷയുമായി ചക്രവാള-
ങ്ങളോട് യാത്ര പറയുകയാണ് ഞാൻ"

**നഹിദ തഹ്സീൻ.പി.കെ**
**൧.ഇ**

# Poem

## Hands of God




She moves on the path
her brain and mind is naked
path is finished
and she believes,she failed
but some hand ,
come in front of her
that hand may think,
they gave her confidence to win
but for her,
they gave a chance to succeed

**Fahmida. k**
9.E

# Poem

## Bitter to Sweeter

small droplets calls me
I bathed in your song
I never cry for you
I will enjoy my life with out
if you come,I know
you should go,
you just like a visitor
I feel shame,
thinking about you
but your bitter taste
make life sweeter



**Fahmida.k**
**9.E**

# HISTORY

## TAJ MAHAL

ABDUL HAMID LAHAURI ,THE AUTHOR OF BADSHAHNAMA ,THE OFFICIAL HISTORY OF SHAH JAHAN'S REIGN ,WHICH MEANS THE ILLUMINED OR ILLUSTRIOUS TOMP.

SOON AFTER THE TAJ MAHAL' S COMPLETION, SHAH JAHAN WAS DEPOSED BY HIS SON AURANGZEB AND PUT UNDER HOUSE ARREST AT NEARBY AGRA FORT. UPON SHAH JAHAN'S DEATH, AURANGZEB BURIED HIM IN THE MAUSOLEUM NEXT TO HIS WIFE .

IN THE18th CENTURY,THE JAT RULERS OF BHRATPUR INVADED AGRA AND ATTACKED HE TAJ MAHAL,THE TWO CHANDELIERS,ONE OF THE AGATE AND ANOTHER OF SILVER, WHICH WERE HUNG OVER THE MAIN CENOTAPH, WERE TAKEN AWAY BY THEM , ALSO THE GOLD AND SILVER SCREEN . ACCORDING TO MUGHAL HISTORISNN KANBO, THE 15-FOOT HIGH FINAL AT THE TOP OF THE MAIN DOME OF THE TAJ MAHAL WAS COVERED WITH A GOLD SHIELD AND THIS WAS ALSO REMOVED DURING THE JAT DESPOLIATION .

BY THE LATE 19th CENTURY, PARTS OF THE BUILDINGS HAD FALLEN BADLY TO DISREPAIR . DURING THE TIME OF THE INDIAN REBELLION OF 1857 ,THE TAJ MAHAL WAS DEFACED BY BRITISH SOLDIERS AND GOVERNMENT OFFICIALS ,WHO CHISELLED OUT PRECIOUS STONE LAPIS LAZULI FROM IT'S WALL . AT THE END OF 19th CENTURY ,BRITISH VICEROY CURZON ORDERED A SWEEPING RESTORATION PROJECT , WHICH WAS COMPLETED IN 1908 .[52][53] HE ALSO COMMISSIONED THE LAMP IN THE ITERIOR CHAMBER , MODELLED AFTER ONE IN A CAIRO MOSQUE. DURING THIS TIMETHE GARDEN WAS REMODELLED WITH BRITISH -STYLE LAWNS THAT ARE STILL IN PLACE TODAY.

**Shahin kp**
**9 E**

# Gallery



**Bhavya Rmdas. K**
**9 E**



**Aswathi. P**
**10 A**



**Nandana.P**
**9 B**



**Anshifa Sherin T**
**10 D**



**Anamika.K**
**9 A**

# GUIDES OF SCHOOL



# JUNIOR RED CROSS



# SPORTS TEAM




SENIOR TABLE TENNIS



JUNIOR TABLE TENNIS



KHO KHO



ഷട്ടിൽ
സ്റ്റേറ്റ് സ്കൂൾ ഗെയിംസ്
നാലാം സ്ഥാനം

# വികസനത്തിന്റെ പാതയിൽ....




MALAPPURAM


GOVERNMENT GIRLS HIGHER SECONDARY SCHOOL
MALAPPURAM











# സ്ക്രൂൾ ശാസ്ത്രമേള











## പ്രതിഭകൾ


District level 4th place





Arabic Drama state level 3rd plce

# G.G.H.S.S. Little Kite unit




Dream
is not that which you see while sleeping
It is something that Does Not Let You Sleep


"You Must Be The Change
You Wish To See."
-Mahatma Gandhi.




ഒന്നും ഒന്നും ഇമ്മിണി ബല്ല്യ ഒന്നാക്കിയ ഞങ്ങടെ എല്ലാ ചെങ്ങായ്യ്യാക്കും ഒരായിരം നന്ദി...

_ Student Editors


GAMES & ATHLETICS TEAM GGHSS MALAPPURAM